**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **11.07.2016-ൽ മറുപടിക്ക്**

**ചോദ്യം നം.993**

# മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ദുരിതാശ്വാസനിധി

**ചോദ്യം** **ഉത്തരം**

| | | | |
|---|---|---|---|
| | **ശ്രീ.കെ. കുഞ്ഞിരാമൻ** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യ ബന്ധനത്തിനിടെ അപകടത്തിൽ പ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും പ്രത്യേക ദുരിതാശ്വാസ നിധി നിലവിലുണ്ടോ? | (എ) | മത്സ്യ ബന്ധനത്തിനിടെ അപകടത്തിൽ പ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങളെ സഹായിക്കുന്നതിനും പ്രത്യേക ദുരിതാശ്വാസ നിധി നിലവിലില്ല. എന്നാൽ മത്സ്യഫെഡ് മുഖേനയും കേരളമത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തു വരുന്നു.<br><br>മത്സ്യഫെഡ് ) മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ (മീൻ പിടിത്തത്തിനിടയിൽ ആകണമെന്നില്ല) അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം അപകടമരണത്തിന് 5 ലക്ഷം രൂപയും, മരണാനന്തര ചടങ്ങുകൾ ക്കായി 2500/- രൂപയും, മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000/- രൂപ (ഒരാളിന് 5000/- രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ ശതമാനമനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധന |

| | | | |
|---|---|---|---|
| | | | ത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്ക്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി 1 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്. സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ സാമ്പത്തികമായി സഹായിക്കുന്നതിനും മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള സഹായത്തിനും പ്രത്യേക ദുരിതാശ്വാസനിധി കേരളാ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ ഇല്ല. എന്നാൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്ന ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം താഴെ പറയുന്ന ധനസഹായം നൽകി വരുന്നു. |

| | |
|---|---|
| അപകടമരണം | 5 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 5 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 5 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 2,50,000/- രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യഭ്യാസ സഹായം | 5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനഹായം | 25,000/- (പരമാവധി) |

| | | | |
|---|---|---|---|
| (ബി) | ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു ദുരിതാശ്വാസനിധി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഫിഷറീസ് വകുപ്പ് മുഖേന ദുരിതാശ്വാസ നിധി നടപ്പിലാക്കുന്നില്ല. മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, |

| | | | |
|---|---|---|---|
| | | | ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവ മൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി 1 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നുണ്ട്.<br><br>കേരളമത്സ്യത്തൊഴിലാളി ബോർഡ് മുഖേന അപകടം മൂലം ഗുരുതരമായ പരിക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക, അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ള രക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കുപറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും, നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർഥി ക്യാമ്പുകളിൽ പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേപ്പട്ടി എന്നിവ കടിച്ചതു മൂലവും, തീപ്പൊള്ളലേറ്റും ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിത്സ വേണ്ടി വരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാകുക തുടങ്ങിയ അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് മത്സ്യബോർഡ് ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ നിന്നും 500/- രൂപ മുതൽ 5000/- രൂപ വരെ ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**